# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **6214** 07.11.2016-ലെ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) മലപ്പുറം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാരുടെ കുറവുമൂലം ദൈനംദിന പ്രവർത്തനങ്ങൾ അവതാളത്തിലായിരിക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ജില്ലയിലെ നഗരസഭകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ സെക്രട്ടറിമാരുടെ ഒഴിവുകളുടെ വിശദാംശം നൽകുമോ; | (ബി) മലപ്പുറം ജില്ലയിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br>നഗരസഭാ സെക്രട്ടറി - 2<br>(പുതുതായി രൂപീകരിക്കപ്പെട്ട താനൂർ, പരപ്പനങ്ങാടി, വളാഞ്ചേരി, കൊണ്ടോട്ടി, തിരൂരങ്ങാടി എന്നീ നഗരസഭകളിൽ പഞ്ചായത്ത് സെക്രട്ടറിമാരാണ് നഗരസഭാ സെക്രട്ടറിയായി സേവന മനുഷ്ഠിക്കുന്നത്).<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി - 7<br>ഗ്രാമപഞ്ചായത്ത് സെക്രട്ടറി - 25 |
| (സി) സെക്രട്ടറിമാരുൾപ്പെടെ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (സി) പുതുതായി രൂപീകരിച്ച നഗരസഭകളിൽ നഗരസഭാ സെക്രട്ടറിമാരുടെ 28 തസ്തികകൾ ഉൾപ്പെടെ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ 98 പേർക്ക് നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ട്. 41 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.<br>പഞ്ചായത്ത് വകുപ്പിലെ ജീവന ക്കാരുടെ നിലവിലുണ്ടായിരുന്ന സീനിയോറിറ്റി ലിസ്റ്റുകൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ |

റദ്ദാക്കുകയുണ്ടായി. ഇത് ബഹു. ഹൈക്കോടതി അംഗീകരിക്കുകയും, അതിനെതിരെ അപ്പീൽ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലുമാണ്. അതിനാൽ വകുപ്പിലെ സ്ഥിരമായ സ്ഥാനക്കയറ്റങ്ങൾ മേൽ അപ്പീലിലെ (SLP No. 13785-86/2016) അന്തിമ വിധിക്കനുസൃതമായി മാത്രമേ നടത്തുവാൻ കഴിയുകയുള്ളൂ. പഞ്ചായത്ത് സെക്രട്ടറി മുതൽ താഴോട്ടുള്ള തസ്തികകളിൽ, താൽക്കാലിക സ്ഥാനക്കയറ്റങ്ങൾ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

Beena

**സെക്ഷൻ ഓഫീസർ**